# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2546**      **08/5/2017** -ലെ മറുപടി

## കാളിപ്പാറ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.എസ്.ശബരീനാഥൻ | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, കാട്ടാക്കട താലൂക്കുകളിൽ കുടിവെള്ളമെത്തിക്കുന്നതിനുള്ള കാളിപ്പാറ കുടിവെള്ളപദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പമ്പ്ഹൗസിലേക്കുള്ള വൈദ്യുതി എത്തിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി പ്രസ്തുത പണി പൂർത്തിയാക്കി കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണുമോ? | (ബി) | ഉണ്ട്. നിലവിൽ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതിയെത്തിക്കുന്നത് ഭൂഗർഭ കേബിൾ വഴിയല്ല. അതു കാരണം പലപ്പോഴും വൈദ്യുത തടസ്സവും, വോൾട്ടേജ് പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിനായി 4.56 കോടി രൂപ കെ.എസ്.ഇ.ബി-യ്ക്ക് നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ കമ്മീഷനിംഗിന്റെ ഭാഗമായി ഭൂഗർഭ കേബിളിലൂടെ വൈദ്യുതി കടത്തിവിട്ടപ്പോൾ ചില തകരാറുകൾ കണ്ടെത്തി. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/